# STD - I

## അദ്ധ്യാപക സഹായി

## പാഠം - ആറ് ഈശോ നമ്മുടെ കൂട്ടുകാരൻ ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മെ എപ്പോഴും സഹായിച്ചുകൊണ്ട് നമ്മുടെ കൂടെയുള്ള നല്ല കൂട്ടുകാരനാണ് ഈശോ. എന്റെ നല്ല കൂട്ടുകാരനായ ഈശോയെ ഏറ്റവും അധികം സ്നേഹിക്കും.

### പഠനസഹായികൾ

* ഈശോ കുട്ടികളെ എടുത്ത് മടിയിലിരുത്തി താലോലിക്കുന്ന ചിത്രം.
* ഉണ്ണീശോ ഔസേപ്പിതാവിനെ സഹായിക്കുന്ന ചിത്രം
* ഒരു കുഞ്ഞുണ്ണി കഥ
* വചനം - മാർക്കോ. 10:16 (മർക്കോ. 10:13-16 - വചനഭാഗത്തിന്റെ വീഡിയോ)

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോ നമ്മുടെ ഏറ്റവും നല്ല കൂട്ടുകാരനാണ്
* നമ്മുടെ നല്ല കൂട്ടുകാരിലൂടെ യേശു നമ്മെ എപ്പോഴും സഹായിക്കുന്നു.
* ഈശോ എല്ലായ്പ്പോഴും നമ്മുടെ കൂടെയുണ്ട്.
* ഈശോ നമ്മെ ആശ്വസിപ്പിക്കുന്നു.
* ഈശോ എല്ലാവരെയും സ്നേഹിക്കുന്നു
* നല്ല കൂട്ടുകാരനായ ഈശോയെ നമുക്കും സ്നേഹിക്കാം.

### പ്രാർത്ഥന

നല്ല കൂട്ടുകാരനായ ഈശോയേ, എന്നെ എല്ലായ്പ്പോഴും സഹായിച്ചും സ്നേഹിച്ചും പരിപാലിച്ചുകൊണ്ടിരിക്കുന്ന അങ്ങയെ ഏറെ സ്നേഹിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. നിങ്ങളെ അറിയുന്ന ഏറ്റവും നല്ല കൂട്ടുകാരൻ ആരാണ്?
2. നമ്മെ എല്ലായ്പ്പോഴും ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നത് ആരാണ്?
3. ഈശോ ആരെയെല്ലാമാണ് സ്നേഹിക്കുന്നത്?
4. നല്ല കൂട്ടുകാർ നമ്മെ സഹായിക്കുമ്പോൾ, ശരിക്കും ആരാണ് നമ്മെ സഹായിക്കുന്നത്?
5. ഈശോയുടെ നല്ല കൂട്ടുകാരൻ ആകുവാൻ എന്തുചെയ്യണം?

# STD - I

## അദ്ധ്യാപക സഹായി

## പാഠം - ആറ്   ഈശോ നമ്മുടെ കൂട്ടുകാരൻ   ഭാഗം - രണ്ട്

### ലക്ഷ്യം

ഈശോ നമുക്ക് ആവശ്യമുള്ളതെല്ലാം തരുന്ന നല്ല കൂട്ടുകാരനാണ്. നല്ല സ്നേഹിതരെ നമുക്ക് നൽകിയ ഈശോയെ നമുക്കും സ്നേഹിക്കാം, എല്ലാവരേയും സ്നേഹിതരാക്കാം.

### പഠനസഹായികൾ

* ചിത്രം - കൊളാഷ് - ഈശോയും ചുറ്റിലും ക്ലാസ്സിലെ കുട്ടികളുടെ പടവുമടങ്ങിയത്
* ചാർട്ട്/ചിത്രം - ഈശോ നല്കിയ സാധനങ്ങളുടെ പേരുകൾ
* ചിത്രം - നല്ലിടയനായ ഈശോ - ഈശോയും, കുഞ്ഞാടും, ആട്ടിൻക്കൂട്ടവും

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോ നമുക്ക് ആവശ്യമുള്ളതെല്ലാം തരുന്നു
* നമുക്കും ഈശോയെപ്പോലെ എല്ലാവരുടെയും സ്നേഹിതരാകാം.
* ഞങ്ങൾക്കുണ്ടൊരു ചങ്ങാതി - ഈശോ എന്നൊരു ചങ്ങാതി.
* ഈശോ നല്കിയ സാധനങ്ങൾ
* നമ്മുടെ നല്ല കൂട്ടുകാരുടെ പേരുകളും ഗുണങ്ങളും
* കൂട്ടുകാരെ ആവശ്യങ്ങളിൽ സഹായിച്ചുകൊണ്ട് സത്പ്രവൃത്തികൾ ചെയ്യാം.

### പ്രാർത്ഥന

സ്നേഹനിധിയായ ഈശോയേ, അങ്ങയെപ്പോലെ എല്ലാവർക്കും നല്ല കൂട്ടുകാരായിരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. ഈശോ എന്നൊരു ചങ്ങാതിയെക്കുറിച്ചുള്ള ഗാനം ആലപിക്കുക.
2. ഈ പാഠത്തിൽ ഉണ്ണിക്കവിതയിലൂടെ ഉണ്ണീശോ നിങ്ങളോട് എന്താണ് പറഞ്ഞത്?
3. നിങ്ങൾ മറ്റുള്ളവർക്ക് നല്ല കൂട്ടുകാരാകുവാൻ ശീലിക്കേണ്ട രണ്ട് സത്പ്രവൃത്തികൾ പറയുക.
4. ഈശോ നിങ്ങൾക്കു നൽകിയ രണ്ടു കൂട്ടുകാരുടെ പേരുകൾ പറയുക.